(ബി) ഉണ്ടെങ്കിൽ, ഇതിന്റെ നിർമ്മാണച്ചുമതല ആർക്കായിരിക്കുമെന്നും, നിർമ്മിക്കുന്നതിനുള്ള ചെലവ് എങ്ങനെ കണ്ടെത്തുമെന്നും വിശദമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പൂർത്തീകരണം എന്നത്തേയ്ക്കാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം രാജാജിനഗറിൽ ഫ്ലാറ്റും വാണിജ്യ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണച്ചുമതല കെ.യു.ആർ.ഡി.എഫ്.സി.-ക്കും, കെ.യു.ആർ.ഡി.എഫ്.സി.-യുടെ സാമ്പത്തിക സഹായത്തോടെ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അർബൻ ഹൗസിംഗ് മിഷനെയും ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യ സമുച്ചയം നിർമ്മിച്ച് അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഫ്ലാറ്റിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുക തിരികെ അടക്കുവാനും ലക്ഷ്യമിടുന്നു.

(സി) നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 2 വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷനിലെ നഴ്സറി സ്കൂളുകൾ

124 (3408) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനു കീഴിൽ എത്ര നഴ്സറി സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത നഴ്സറി സ്കൂളുകളിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട് ; ഇവരുടെ പേരുവിവരം ലഭ്യമാക്കുമോ ;

(സി) കുട്ടികളുടെ എണ്ണം പത്തിൽ താഴെയുള്ള നഴ്സറി സ്കൂളുകൾ ഏതെല്ലാം ; ഇവിടുത്തെ കുട്ടികളുടെ പേരുവിവരം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം നഴ്സറി സ്കൂളുകളുടെ പ്രവർത്തനവും ജീവനക്കാരെയും നിയന്ത്രിക്കുന്നതാരാണ് ; പ്രസ്തുത നഴ്സറി സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താൻ പരിശോധന നടത്താറുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ നഴ്സറി സ്കൂളുകളുടെ പ്രവർത്തന സമയം വ്യക്തമാക്കാമോ ; ശനിയാഴ്ച നഴ്സറി സ്കൂൾ പ്രവർത്തിക്കാറുണ്ടോ ; ശനിയാഴ്ചയും നഴ്സറി സ്കൂളിലെ ജീവനക്കാർ ഓഫീസിൽ ഹാജരാകാറുണ്ടോ ;

(എഫ്) നഴ്സറി ടീച്ചർമാർക്കും ജീവനക്കാർക്കും നിലവിൽ അവരുടെ ഡ്യൂട്ടി സമയങ്ങളിൽ ഡ്രസ്സ് കോഡ്, യൂണിഫോം എന്നിവയെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പത്ത്.

(ബി) പ്രസ്തുത നഴ്സറി സ്കൂളുകളിൽ 12 നഴ്സറി ടീച്ചർമാരും പത്ത് ഫുൾ ടൈം സ്വീപ്പർമാരും ഉൾപ്പെടെ ആകെ 22 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പുത്തൂറ നഴ്സറി സ്കൂൾ കുട്ടികളുടെ പേരുവിവരം താഴെ ചേർക്കുന്നു:

1. അലൻ
2. നിത്യ
3. ശ്യാം
4. കെയ്ൻ
5. നോവാക്
6. ജബിൻ
7. നൈൻസ്
8. സോജൻ.

(ഡി) സെക്രട്ടറി, തിരുവനന്തപുരം നഗരസഭ. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താൻ പരിശോധന നടത്താറുണ്ട്.

(ഇ) പ്രവർത്തന സമയം 9.30 മുതൽ 3.30 വരെ. ശനിയാഴ്ച പ്രവർത്തനം ഇല്ല. ടീച്ചർമാർ ഹാജരാകേണ്ടതില്ല. സ്വീപ്പർമാർ ഹാജരാകണം.

(എഫ്) ടീച്ചർമാർക്ക് യൂണിഫോം ഇല്ല. സ്വീപ്പർമാർക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly